REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 29-10-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- 'മോൻത' ചുഴലിക്കാറ്റ് ഇന്നലെ രാത്രി ആന്ധ്രാ തീരം കടന്നു. 43,000 ഹെക്ടറോളം സ്ഥലത്ത് കൃഷിനാശം.
- പ്രധാനമന്ത്രി നരേന്ദ്രമോദി മുംബൈയിൽ ഇന്ന് ഇന്ത്യ മാരിടൈം വീക്ക്-2025 കോൺക്ലേവിനെ അഭിസംബോധന ചെയ്യും.
- തദ്ദേശ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച യോഗം രാവിലെ തിരുവനന്തപുരത്ത്.
- സംസ്ഥാനത്ത് എട്ട് ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത. .
- ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിലെ ആദ്യ സെമിയിൽ ഇംഗ്ലണ്ട്, ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യ- ഓസ്ട്രേലിയ ഒന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഉച്ചകഴിഞ്ഞ് കാൻബറയിൽ.

## വാർത്തകൾ വിശദമായി

'മോൻത' അതിതീവ്ര ചുഴലിക്കാറ്റ് ഇന്നലെ രാത്രി ആന്ധ്രാപ്രദേശിൽ തീരം കടന്നു. മച്ചിലിപട്ടണത്തിനും കലിംഗപട്ടണത്തിനും ഇടയിൽ കാക്കിനഡ-യ്ക്ക് സമീപമാണ് മോൻത കരതൊട്ടത്. വൻ കൃഷിനാശമുണ്ടായെങ്കിലും ആളപായമുണ്ടായതായി റിപ്പോർട്ടില്ല.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...(വോയ്സ്)...

മണിക്കൂറിൽ 90 മുതൽ 100 കിലോമീറ്റർ വരെയായിരുന്നു കാറ്റിന്റെ വേഗം. പിന്നീട് 10 കിലോമീറ്റർ വേഗത്തിൽ വടക്കുപടിഞ്ഞാറൻ ദിശയിലേക്ക് നീങ്ങിയ മോൻത, ചുഴലിക്കാറ്റായി ദുർബലപ്പെട്ടു, മോൻത ആന്ധ്രയിൽ അതിശക്ത മഴയ്ക്ക് കാരണമായി. 43,000 ഹെക്ടർ സ്ഥലത്തെ കൃഷിനശിച്ചതായാണ് റിപ്പോർട്ടുകൾ.

ഒഡീഷയിൽ മോൻത ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങൾ വരുത്തിയില്ലെന്ന് മുഖ്യമന്ത്രി മോഹൻ ചരൺ മാജി പറഞ്ഞു. ചില പ്രദേശങ്ങളിൽ ചെറിയ മണ്ണിടിച്ചിലുകളും, മരം കടപുഴകിയതും മാത്രമാണ് റിപ്പോർട്ട് ചെയ്തതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത നിവാരണ സേന 26 ടീമുകളെയാണ് വിന്യസിച്ചത്. ഇതിൽ 12 ടീമുകൾ ആന്ധ്രാപ്രദേശിലും, ആറെണ്ണം ഒഡീഷയിലും, മൂന്നെണ്ണം വടക്കൻ തമിഴ്നാട്ടിലുമാണ്. കൂടാതെ, ഛത്തീസ്ഗഡ്, തെലങ്കാന സംസ്ഥാനങ്ങളിലും സേനാംഗങ്ങളെ വിന്യസിച്ചിട്ടുണ്ട്.

✪✪✪

ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങൾക്ക് റാബി സീസണിൽ സബ്സിഡി ഏർപ്പെടുത്തിയ കേന്ദ്രമന്ത്രിസഭാ തീരുമാനം കർഷകരോട് ഗവൺമെന്റ് പുലർത്തുന്ന പ്രതിബദ്ധതയ്ക്ക് തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. തീരുമാനം കർഷകർക്ക് കുറഞ്ഞ വിലയിൽ രാസവള ലഭ്യത ഉറപ്പാക്കുമെന്നും അതുവഴി വരുമാനം വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മുംബൈയിൽ ഇന്ന് ഇന്ത്യ മാരിടൈം വീക്കിൽ നേതാക്കളുടെ കോൺക്ലേവിനെ അഭിസംബോധന ചെയ്യും. ഗ്ലോബൽ മാരിടൈം CEO ഫോറത്തിൽ അദ്ദേഹം അധ്യക്ഷനാകുകയും ചെയ്യും. നരേന്ദ്രമോദി ഗവൺമെന്റിന്റെ 11 വർഷങ്ങളിൽ ഇന്ത്യയുടെ മാരിടൈം മേഖലയിൽ തുറമുഖങ്ങളുടെ ശേഷി ഇരട്ടിയോളം വർദ്ധിച്ചതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുംബൈയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ വൈകിട്ട് ന്യൂഡൽഹിയിൽ ഈ വർഷത്തെ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തും. കേന്ദ്രസഹമന്ത്രി ഡോ. L മുരുകനും പരിപാടിയിൽ പങ്കെടുക്കും. ഇന്ത്യയുടെ

ആദ്യ വാർത്താവിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സർദാർ വല്ലാഭായ് പട്ടേലിന്റെ സ്മരണയ്ക്കായി ആകാശവാണിയാണ് അനുസ്മരണ പ്രഭാഷണം സംഘടിപ്പിക്കുന്നത്. പട്ടേലിന്റെ ജന്മദിനമായ ഒക്ടോബർ 31 ന് ആകാശവാണി ശൃംഖലയിൽ പ്രഭാഷണം പ്രക്ഷേപണം ചെയ്യും.

C രാജഗോപാലാചാരി, ഡോ. APJ അബ്ദുൽ കലാ, മൊറാർജി ദേശായി, ഡോ. സക്കീർ ഹുസൈൻ, ഡോ. കസ്തൂരിരംഗൻ, പ്രൊഫ. MGK മേനോൻ, ഡോ. MS സ്വാമിനാഥൻ, അരുൺ ജെയ്റ്റ്ലി, ഡോ. S ജയശങ്കർ എന്നിവരടക്കം പ്രമുഖർ മുൻവർഷങ്ങളിൽ അനുസ്മരണ പ്രഭാഷണം നടത്തിയിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ മാസം 22 നു പ്രഖ്യാപിച്ച വരും തലമുറ GST പരിഷ്കരണങ്ങൾ രാജ്യത്തെ എല്ലാ മേഖലകളിലും പുത്തൻ ഉണർവാണ് നൽകിയത്. GST കുറഞ്ഞ ശേഷം വിനോദസഞ്ചാര രംഗത്ത് ഉണ്ടായ മാറ്റങ്ങളെ കുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

....(വോയ്സ്).....

രാജ്യത്തെ പൗരന്മാരുടെ യാത്ര,താമസം തുടങ്ങി എല്ലാ സാംസ്കാരിക അനുഭവങ്ങളും നികുതി നിരക്ക് കുറച്ചതോടെ താങ്ങാവുന്ന നിലയിലായിരിക്കുകയാണ്. രാത്രി താമസത്തിന് 7,500 രൂപ വാടക ഈടാക്കിയിരുന്ന ഹോട്ടലുകൾക്ക് പന്ത്രണ്ട് ശതമാനമുണ്ടായിരുന്ന നികുതി അഞ്ചു ശതമാനമായായി കുറച്ചത് താമസ ചെലവ് ഗണ്യമായി കുറയ്ക്കാൻ വഴിയൊരുക്കി. ഈ നടപടി ജനങ്ങളുടെ വാരാന്ത്യ യാത്രയെ പ്രോത്സാഹിപ്പിച്ചു. ഇത് പൈതൃക ടൂറിസത്തെയും ഇക്കോടൂറിസത്തെയും ഉത്തേജിപ്പിച്ചു. കൂടാതെ ഹോട്ടലുകളിലും ഹോംസ്റ്റേകളിലും കൂടുതൽ മുതൽമുടക്കാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സഹായിച്ചു.

ബസ്സുകളുടെയും മിനി ബസുകളുടെയും GST 28 ശതമാനത്തിൽ നിന്നും 18 ആയി കുറച്ചതോടെ പൊതു വാഹന ഗതാഗതചെലവ് ഗണ്യമായി കുറഞ്ഞു. ഇത് ഫ്ളീറ്റ് -ടൂർ ഓപ്പറേറ്റർമാർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു. ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കാനും, സുസ്ഥിര വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കാനും പരിഷ്കരണ നടപടികൾ വഴിവെച്ചു.

✪✪✪

PM ശ്രീ പദ്ധതി ധാരണാപത്രം റദ്ദാക്കണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്ന CPI ഇന്നത്തെ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ നിന്ന് വിട്ടു നിന്നേക്കുമെന്ന്

സൂചന. രാവിലെ ചേരാൻ നിശ്ചയിച്ചിരുന്ന മന്ത്രിസഭാ യോഗം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് ചേരും.

PMശ്രീ വിഷയത്തിൽ CPI യുമായി സമവായമുണ്ടാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശ്രമം തുടരുകയാണ്.

✪✪✪

തദ്ദേശ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച രാഷ്ട്രീയകക്ഷികളുടെ യോഗം രാവിലെ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ ചേരും. ദേശീയ, സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ ഓരോ പ്രതിനിധികൾക്ക് യോഗത്തിൽ പങ്കെടുക്കാം .

✪✪✪

ആർദ്രകേരള- കായകൽപ പുരസ്കാരങ്ങൾ രാവിലെ തിരുവനന്തപുരം ടാഗോർ ഹാളിൽ മന്ത്രി വീണാ ജോർജ് വിതരണം ചെയ്യും. നിർണയ ലാബ് ശൃംഖലയും മന്ത്രി ഉദ്ഘാടനം ചെയ്യും. ആരോഗ്യ അനുബന്ധ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ മികച്ച പ്രവർത്തനങ്ങൾക്കാണ് ആർദ്രകേരള പുരസ്കാരങ്ങൾ. പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ ശുചിത്വം, അണുബാധാ നിയന്ത്രണം, മാലിന്യ പരിപാലനം എന്നിവ പരിഗണിച്ചാണ് കായകൽപ പുരസ്കാരങ്ങൾ നൽകുന്നത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം മുതൽ തൃശൂർ വരെ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കർണാടക തീരത്ത് മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് കുടുതൽ അമീബിക് കേസുകൾ റിപ്പോർട്ട് ചെയ്ത കോഴിക്കോട്ട് പഠനത്തിനെത്തിയ ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ സംഘം ഇന്നും രോഗബാധിത പ്രദേശങ്ങൾ സന്ദർശിയ്ക്കും. ഇന്നലെ ജില്ലയിലെ തലക്കുളത്തൂർ, ഓമശ്ശേരി, മെഡിക്കൽ കോളെജ് എന്നിവിടങ്ങളിൽ സംഘം സന്ദർശനം നടത്തിയിരുന്നു.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിലെ ആദ്യ സെമിയിൽ ഇംഗ്ലണ്ട്, ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഗോഹട്ടിയിലെ ബർസാപാഡ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് മൂന്നിനാണ് മത്സരം. ആകാശവാണി ഇംഗ്ലീഷിലും, ഹിന്ദിയിലും തത്സമയം ദൃക്സാക്ഷിവിവരണം പ്രക്ഷേപണം ചെയ്യും.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ അഞ്ചുമത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1-45 ന് ആരംഭിക്കും. കാൻബറയിലെ മനുകാ ഓവലിലാണ് മത്സരം.

✪✪✪

ഒറ്റപ്പാലം ഗവൺമെന്റ് ബധിര-മൂക വിദ്യാലയത്തിൽ കേരളത്തിലെ ആദ്യ ഭിന്നശേഷി സൗഹൃദ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം മന്ത്രി V അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. പത്തു കോടി രൂപ ചെലവിലാണ് സ്റ്റേഡിയം നിർമ്മിക്കുന്നത്.

✪✪✪

കഴിഞ്ഞ അഞ്ച് മാസങ്ങളിൽ റോഡിൽ മാലിന്യം വലിച്ചെറിഞ്ഞവരിൽ നിന്ന് പിഴയായി എട്ട് കോടി 55 ലക്ഷം രൂപ ഈടാക്കിയതായി മന്ത്രി MB രാജേഷ് അറിയിച്ചു. പൊതുഇടങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്നും, ഇതിന്റെ വീഡിയോ അധികൃതർക്ക് കൈമാറുന്നവർക്ക് പിഴത്തുകയുടെ നാല് ശതമാനം പാരിതോഷികമായി നൽകുമെന്നും മന്ത്രി പറഞ്ഞു.

കായംകുളം നഗരസഭയിലെ ജൈവമാലിന്യ സംസ്ക്കരണ പ്ലാന്റും, മൊബൈൽ ശുചിമുറി മാലിന്യ പ്ലാന്റും നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി.

✪✪✪

പൊതു-സ്വകാര്യ സ്ഥാനപങ്ങളെയും, വിനോദ സഞ്ചാര കേന്ദ്രങ്ങളെയും, പൊതുഇടങ്ങളെയും ശുചിത്വം അടിസ്ഥാനമാക്കി ഗ്രേഡ് ചെയ്യാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്ന ഗ്രീൻ ലീഫ് റേറ്റിംഗ് മന്ത്രി M B രാജേഷ് തിരുവനന്തപുരത്ത് ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥികളിൽ ശുചിത്വ അവബോധം വർദ്ധിപ്പിക്കാൻ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് ചടങ്ങിൽ മന്ത്രി V ശിവൻകുട്ടിയും ഉദ്ഘാടനം ചെയ്യും.

✪✪✪

ഗവൺമെന്റിന്റെ ലെവൽ ക്രോസ് വിമുക്ത കേരളം എന്ന ലക്ഷ്യം യാഥാർഥ്യമാവുകയാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട്

വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 144 റെയിൽവേ മേൽപ്പാലങ്ങളാണ് ഗവൺമെന്റ് നിർമ്മിക്കുന്നത്. പട്ടാമ്പി - വല്ലപ്പുഴ റോഡ് നവീകരണ പ്രവൃത്തിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

തെരുവുനായ്ക്കളെ വന്ധീകരിക്കുന്ന സഞ്ചരിക്കുന്ന ആനിമൽ ബർത്ത് കൺട്രോൾ സെന്റർ ഉച്ചയ്ക്ക് മന്ത്രി J ചിഞ്ചുറാണി നെടുമങ്ങാട് ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ GR അനിലും, MB രാജേഷും ചടങ്ങിൽ പങ്കെടുക്കും.

ഒരു പ്രദേശത്തെ തെരുവ് നായ്ക്കളുടെ വന്ധീകരണം പൂർത്തിയാകുന്ന മുറയ്ക്ക്, അടുത്ത പ്രദേശത്തേക്കോ, രണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഒരേസമയം ഉപയോഗിക്കാവുന്ന സ്ഥലത്തോ മൈബൈൽ സെന്റർ സ്ഥാപിക്കാൻ കഴിയും.

✪✪✪

ലഹരി മാഫിയക്കെതിരെ മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ 13-ാമത് ലഹരിവിരുദ്ധ സമൂഹ നടത്തം ഉച്ചകഴിഞ്ഞ് ഇടുക്കി മലങ്കര പള്ളിയ്ക്ക് സമീപത്തു നിന്നാരംഭിക്കും. കട്ടപ്പന ഗാന്ധിസ്ക്വയർ വരെ നീളുന്ന യാത്രയിൽ ഇടുക്കിയിലെ രാഷ്ട്രീയ- സാംസ്കാരിക- സാമൂഹ്യ പ്രവർത്തകരും, പൊതുജനങ്ങളും പങ്കെടുക്കും. രാഷ്ട്രീയ രഹിത പ്രസ്ഥാനമായ പ്രൗഡ് കേരളയുടെ നേതൃത്വത്തിലാണ് സമൂഹനടത്തം.

✪✪✪

താമരശ്ശേരി കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണ കേന്ദ്ര പ്രശ്നത്തിൽ കോഴിക്കോട് ജില്ലാ കലക്ടർ വിളിച്ച സർവകക്ഷി യോഗം വൈകിട്ട് ചേരും. മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ച ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് യോഗത്തിൽ പരിഗണിക്കും.

✪✪✪

മുതലപ്പൊഴി മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കായി ലൈഫ് സപ്പോർട്ട് ആംബുലൻസ് സജ്ജമാക്കി. 25 ലക്ഷത്തിൽപ്പരം രൂപ ചെലവിലാണ്

ആംബുലൻസ് ഏർപ്പെടുത്തിയത്. മുതലപ്പൊഴി ഹാർബറിൽ വൈകിട്ട് V. ശശി MLA ആംബുലൻസ് ഔപചാരികമായി നാടിന് സമർപ്പിക്കും.

✪✪✪

മഴക്കെടുതി നാശനഷ്ടം വിലയിരുത്തി ഉടൻ റിപ്പോർട്ട് നൽകാൻ ഇടുക്കി ജില്ലാ വികസന സമിതിയോഗം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി. കഴിഞ്ഞ ആഴ്ചയിലെ കനത്ത മഴയും, ഉരുൾപൊട്ടലും മൂലമുണ്ടായ കൃഷിനാശത്തിന്റെ കണക്കെടുക്കാനും കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിലെ മത്സരങ്ങൾക്ക് രാവിലെ തലശ്ശേരിയിൽ തുടക്കമാവും. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരി ചയ, IT മേളകൾ നാളെയും, മറ്റന്നാളുമായി നടത്തും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*